പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4602      18.05. 2017 ൽ മറുപടിക്ക്

## വീട്ടുകളിലെ മീറ്റർ റീഡിംഗ് എടുക്കാത്തതുമൂലം സ്ലാബുകളിൽ വ്യത്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>" എം.വിൻസെന്റ്<br>" റോജി എം. ജോൺ<br>" വി.ടി.ബൽറാം | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഇലക്ട്രിസിറ്റി ബോർഡ് എല്ലാ മാസവും വീട്ടുകളിലെ മീറ്റർ റീഡിംഗ് എടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ 2014-ലെ സപ്ലൈകോഡ് എന്ന ചട്ടം അനുസരിച്ചാണ് വൈദ്യുതി ഉപഭോക്താക്കൾക്ക് മീറ്റർ റീഡിംഗ് എടുത്തു ബിൽ നൽകി വരുന്നത്. ആ ചട്ടം അനുസരിച്ച്, 99.95% ഉപഭോക്താക്കൾക്കും ദ്വൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായമാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ അതേ ചട്ടപ്രകാരം തന്നെ 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലിംഗ് സമ്പ്രദായമാണ് നടപ്പാക്കിയിട്ടുള്ളത്.<br>'93' ലക്ഷത്തോളം വരുന്ന ഉപഭോക്താക്കളുടെ പ്രതിമാസ റീഡിംഗ് എടുത്ത് ബിൽ നൽകുമ്പോഴുണ്ടാകുന്ന വലിയ ചെലവ് കുറയ്ക്കാനും, ഉപഭോക്താക്കൾക്ക് എല്ലാ മാസവും ചാർജ് അടയ്ക്കാൻ സെക്ഷൻ ഓഫീസുകളെ സമീപിക്കേണ്ടതു പോലെയുള്ള ബുദ്ധിമുട്ടുകളും മറ്റും പരിഗണിച്ചാണ് കമ്മീഷൻ ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) മാസംതോറും മീറ്റർ റീഡിംഗ് എടുക്കാത്തതുമൂലം ഉപഭോക്താക്കൾക്ക് നിശ്ചയിച്ചിട്ടുള്ള സ്ലാബുകളിൽ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. മാസംതോറും മീറ്റർ റീഡിംഗ് എടുക്കാതെ രണ്ടു മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുത്ത് ബില്ല് ചെയ്യുന്നതുകൊണ്ട് സ്ലാബുകളിൽ മാറ്റം വരുന്നില്ല |
| (സി) പ്രതിമാസ ഉപഭോഗം കണക്കാക്കിയാണോ വൈദ്യുതി നിരക്കിന്റെ സ്ലാബുകൾ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) അതെ. ദ്വൈമാസ ഉപഭോഗം എടുത്ത് അതിന്റെ പകുതികണ്ട് പ്രതിമാസം ഉപഭോഗത്തോത് നിർണ്ണയിച്ച്, അത് അനുസരിച്ചുള്ള സ്ലാബ് നിശ്ചയിച്ചാണ് രണ്ടു മാസത്തേയ്ക്കുള്ള ബിൽ നൽകി വരുന്നത്. |
| (ഡി) രണ്ട് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുന്നതുമൂലം ഉയർന്ന സ്ലാബനുസരിച്ച് ഉപഭോ- | (ഡി) ഇല്ല. മേൽ പറഞ്ഞ രീതിയിൽ രണ്ടു മാസത്തിലൊരിക്കൽ റീഡിംഗ് എടുത്ത് ബിൽ ചെയ്യുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് ഉയർന്ന |

| | |
|---|---|
| ക്താക്കൾ കൂടുതൽ തുക നൽകേണ്ടിവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;<br>(ഇ)ഇതൊഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സ്ലാബിലുള്ള അധിക തുക നൽകേണ്ടി വരുന്നില്ല.<br><br>(ഇ) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച ചട്ടമനുസരിച്ചുള്ള മേൽ ബില്ലിംഗ് സമ്പ്രദായത്തിൽ ഉപഭോക്താക്കൾക്ക് നഷ്ടം വരുന്നില്ലാത്തതിനാലും, എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും പ്രതിമാസ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് അധികം മനുഷ്യശേഷിയും, ചെലവും വരുമെന്നതിനാലും, മേൽചട്ടപ്രകാരമുള്ള സമ്പ്രദായം തുടരുന്നു. മാത്രവുമല്ല, മറ്റു സംസ്ഥാനങ്ങളിലും സമാനമായ ദ്വൈമാസ സമ്പ്രദായമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ